**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 422** **15-03-2023 - ൽ മറുപടിയ്ക്ക്**

**കന്നുകാലികളിലെ ചർമ്മ മുഴ രോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ വ്യാപകമായി കന്നുകാലികളിൽ കാണുന്ന ചർമ്മ മുഴ രോഗം നിയന്ത്രിക്കുന്നതിനായി പ്രതിരോധ കുത്തിവയ്പ്പ് വ്യാപകമാക്കിയിരുന്നോ; എങ്കിൽ ഇതിന് ആവശ്യമായ മരുന്ന് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | പ്രതിരോധ കുത്തിവയ്പ് വ്യാപകമാക്കിയിരുന്നു. ആവശ്യമായ വാക്സിൻ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ കന്നുകാലികൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകാൻ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 18/01/2023 മുതൽ 24/02/2023 വരെ കാർപ്പെറ്റ് വാക്സിനേഷൻ സംസ്ഥാനത്തുടനീളം നടത്തുന്നതിന് വാക്സിനും, ലോജിസ്റ്റിക്സും സംഭരിച്ച് വിതരണം ചെയ്യുകയും മതിയായ നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി മുതലായ പ്രതിസന്ധികൾ കാരണം പ്രസ്തുത ക്യാമ്പയിൻ 14/03/2023 വരെ നീട്ടിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. വാക്സിനേഷൻ പുരോഗമിച്ച് വരുന്നു. |
| (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിക്കുന്ന മൃഗങ്ങളിൽ നിന്നും പകർച്ചവ്യാധികൾ വ്യാപകമാകുന്നതിനാൽ സംസ്ഥാനത്തേക്ക് എത്തിക്കുന്ന മൃഗങ്ങൾ രോഗവിമുക്തമായവയാണെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുടനീളം 19 ആർ പി ചെക്ക് പോസ്റ്റുകൾ നിലവിലുണ്ട്. ചെക്ക്പോസ്റ്റിൽ കൂടി കടന്നുവരുന്ന മൃഗങ്ങളിൽ രോഗബാധ സംശയിക്കുന്നവയിൽ നിന്നും ബ്ലഡ് സാമ്പിളുകൾ ശേഖരിക്കുകയും, ആരോഗ്യ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. രോഗബാധയുണ്ടെന്നു കണ്ടെത്തുന്ന മൃഗങ്ങളെ ചെക്ക്പോസ്റ്റ് കടത്തി വിടാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പ്രജനനത്തിനു കൊണ്ടുവരുന്ന കന്നുകാലികളിൽ കുളമ്പരോഗ പ്രതിരോധ കുത്തിവയ്പ് നടത്തുന്നുണ്ട്. |
| (ഡി) | രാത്രിയിൽ ഉൾപ്പെടെ വീട്ടുപടിക്കൽ മൃഗചികിത്സ ലഭ്യമാക്കുന്നതിനുള്ള പദ്ധതി വിപുലീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | മൃഗാശുപത്രികളുടെ പ്രവർത്തന സമയ ശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തിര മൃഗചികിത്സാ |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുന്നതിന് രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും 3 കോർപ്പറേഷനുകളിലും, 1 മുനിസിപ്പാലിറ്റി യിലുമായി ആകെ 156 കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ പദ്ധതി പ്രകാരം സേവനം ലഭിക്കുക. അടിയന്തിര ജീവൻരക്ഷാ മരുന്നുകളും മറ്റ് അടിയന്തിര ഉപകരണങ്ങളും വാങ്ങുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തുന്നുണ്ട്. കർഷകരുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ വാർത്താ വിനിമയ സാകര്യങ്ങളൊരുക്കുവാൻ തുക അനുവദിക്കുന്നുമുണ്ട്. പദ്ധതി സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധന, മേൽനോട്ടം എന്നിവയ്ക്കു പുറമെ പൊതുജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കർഷകരുടെ വീട്ടുപടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലി മെഡിക്കൽ സൗകര്യങ്ങളോടു കൂടി നിലവിൽ കൊല്ലം ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ മാതൃകയിൽ മേഖലാടിസ്ഥാനത്തിൽ എറണാകുളം, കണ്ണൂർ മേഖലകൾ കേന്ദ്രീകരിച്ച് 2 പുതിയ യൂണിറ്റുകൾ കൂടി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 12 മൊബൈൽ സർജറി യൂണിറ്റുകൾ അധികമായി സ്ഥാപിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ കൂടി ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കണ്ട്രോൾ എന്ന പദ്ധതിയുടെ കീഴിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ 1962 എന്ന നമ്പരിൽ കോൾ സെന്ററും പ്രവർത്തിച്ചു വരുന്നു. മൊബൈൽ വെറ്ററിനറി സേവനം കൂടുതൽ കേന്ദ്രങ്ങളിൽ കൂടി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ